ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 23.11.2026 | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. നേപ്പാളിന്റെ പുനർനിർമ്മാണത്തിനായി 'വികസന സഹകരണ പാക്കേജ്' പ്രഖ്യാപിച്ച് ഇന്ത്യ. വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച എട്ട് കരാറുകളിലും ഇരുരാജ്യങ്ങളും ഒപ്പുവെച്ചു.

   India announces development package for reconstruction of Nepal. India and Nepal ink eight agreements in key projects in various sectors.

2. വാട്ട്സ്ആപ്പ് വെബ് ഉപയോഗിക്കുന്നതിൽ ജാഗ്രത പാലിക്കണമെന്ന് ഉപയോക്താക്കളോട് മുന്നറിയിപ്പ് നൽകി കേന്ദ്ര ആഭ്യന്തര മന്ത്രാലയം.

   The Home Ministry has advised WhatsApp users to exercise caution while using WhatsApp web.

3. കേന്ദ്ര സർക്കാരിന്റെ സമഗ്രമായ ഇടപെടലിലൂടെ രാജ്യത്തെ 50 കോടി ജനങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ സാധിച്ചതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   Union Agriculture and Farmers Welfare Minister Shivraj Singh Chouhan today said that India has lifted 50 crore people out of extreme poverty through a whole-of-government approach.

4. പ്രാദേശിക സമൂഹങ്ങളും മുൻനിര പ്രവർത്തകരുമാണ് രാജ്യത്തിന്റെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളുടെ നട്ടെല്ലെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്.

Union Environment, Forest and Climate Change Minister Bhupender Yadav today highlighted that the frontline staff and local communities are the backbone of India's wildlife conservation efforts.

5. ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന ത്തോടനുബന്ധിച്ച് ഭക്തർക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഹെൽപ്പ് ലൈൻ ആരംഭിച്ച് കേരള പോലീസ്.

The Kerala Police have launched a 24-hour special helpline for devotees in connection with the Sabarimala Mandala-Makaravilakku pilgrimage.

6. തമിഴ്നാട്, ,ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ നാളെ മുതൽ മഴ ശക്തമാകും.

The IMD has predicted the possibility of heavy rain in Tamil Nadu and Andhra Pradesh. In Kerala, rainfall is expected to intensify starting tomorrow.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

PREZ-NEPAL PM

ഇന്ത്യ സന്ദർശനത്തിന് എത്തിയ നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷാ രാഷ്ട്രപതി ദ്രൗപദി മുർമ്മുവുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സവിശേഷവും ബഹുമുഖവുമായ ബന്ധത്തിന്റെ അടിത്തറ, സാംസ്കാരിക പൈതൃകത്തിലും ജനങ്ങൾ തമ്മിലുള്ള ആഴമേറിയ ബന്ധത്തിലും അധിഷ്ഠിതമാണെന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

NEW PM – NEPAL BILATERAL (INTRO)

ആരോഗ്യം, പരമ്പരാഗത വൈദ്യശാസ്ത്രം, സുസ്ഥിര നഗര വികസനം, തുടങ്ങിയ വിവിധ മേഖലകളിൽ സഹകരണം

സംബന്ധിച്ച എട്ട് കരാറുകളിൽ ഇന്ത്യയും നേപ്പാളും ഒപ്പുവെച്ചു. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷായും തമ്മിൽ നടത്തിയ ചർച്ചകൾക്ക് ശേഷമാണ് കരാർ ഒപ്പുവെച്ചത്. ചരിത്രം, വിശ്വാസം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നിവയിലൂടെ ഇഴചേർക്കപ്പെട്ടതാണ് ഇന്ത്യയും നേപ്പാളും തമ്മിലുള്ള ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(വോയിസ്)
നേപ്പാളിന്റെ പുനർനിർമ്മാണത്തിനും ദീർഘകാല വികസനത്തിനും ഊർജ്ജം പകരുന്നതിനായി 24,000 കോടി നേപ്പാളി രൂപയുടെ 'വികസന സഹകരണ പാക്കേജ്' ഇന്ത്യ പ്രഖ്യാപിച്ചു. അയോധ്യയും ജനക്പൂരിനും ഇടയിൽ ഓടുന്ന 'സരയു-കമല എക്സ്പ്രസ്' ട്രെയിനിന്റെ ഫ്ലാഗ് ഓഫ് കർമ്മവും ഇരു പ്രധാനമന്ത്രിമാരും ചേർന്ന് നിർവഹിച്ചു.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

NIRMALA-PRE BUDGET

2027-28 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി നിർമല സിതാരാമൻ ഗവേഷണ-വികസന, ഉന്നത വിദ്യാഭ്യാസ മേഖലകളിലെ വിദഗ്ധരുമായും ആരോഗ്യ, സാമൂഹിക മേഖലകളിലെ വിദഗ്ധരുമായും പങ്കാളികളുമായും പ്രീ-ബജറ്റ് കൂടിയാലോചന യോഗം നടത്തി. സാമ്പത്തിക കാര്യ വകുപ്പ്, വിദ്യാഭ്യാസ മന്ത്രാലയം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം തുടങ്ങിയവയിലെ സെക്രട്ടറിമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

WHATSAPP WEB

വാട്ട്സ്ആപ്പ് വെബ് ഉപയോഗിക്കുന്നതിൽ ജാഗ്രത പാലിക്കണമെന്ന് ഉപയോക്താക്കളോട് നിർദേശിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. ആധികാരിക വാട്ട്സ്ആപ്പ് വെബ് സെഷൻ ദുരുപയോഗം ചെയ്ത് ഉപയോക്താവിന്റെ വാട്ട്സ്ആപ്പ് അക്കൗണ്ടിലേക്ക് പ്രവേശിക്കാൻ സാധിക്കുമെന്ന് ഇന്ത്യൻ സൈബർ ക്രൈം ത്രെറ്റ് അനലിറ്റിക്സ് യൂണിറ്റ് വ്യക്തമാക്കി. വാട്ട്സ്ആപ്പ് വെബ് സ്ഥിരമായി ലോഗിൻ ചെയ്യരുത്. ഓരോ സെഷനുശേഷവും സ്വമേധയാ ലോഗ് ഔട്ട് ചെയ്യണം. കമ്പ്യൂട്ടറുകളിൽ വാട്ട്സ്ആപ്പ് വെബ് വഴി ഔദ്യോഗികമോ , രഹസ്യസ്വഭാവമോ ഉള്ളതായ വിവരങ്ങൾ കൈമാറ്റം ചെയ്യുന്നത് ഒഴിവാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

SHIVRAJ POVERTY (INTRO)

കേന്ദ്ര സർക്കാരിന്റെ സമഗ്രമായ ഇടപെടലിലൂടെ രാജ്യത്തെ 50 കോടി ജനങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാൻ സാധിച്ചുവെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. 'ഇന്ത്യയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ കൃഷിയുടെ പങ്കും സംഭാവനയും' എന്ന വിഷയത്തിൽ ന്യൂഡൽഹിയിൽ നടന്ന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ദാരിദ്ര്യം കുറയുന്നതിന്റെ വേഗതയെ അംഗീകരിച്ചുകൊണ്ട് ലോകബാങ്ക് അടുത്തിടെ പുറത്തുവിട്ട റിപ്പോർട്ടും അദ്ദേഹം പരാമർശിച്ചു. ഗ്രാമീണ ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിലും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, വരുമാനം വർദ്ധിപ്പിക്കുന്നതിലും കാർഷിക മേഖല നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്)

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

BHUPENDER YADAV-WILDLIFE

പ്രാദേശിക സമൂഹങ്ങളും മുൻനിര പ്രവർത്തകരുമാണ് രാജ്യത്തിന്റെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളുടെ നട്ടെല്ലെന്ന് കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ്. ന്യൂഡൽഹിയിൽ നടന്ന നാഷണൽ ബോർഡ് ഫോർ വൈൽഡ്‌ലൈഫിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 92-ാമത് യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

'ആവാസവ്യവസ്ഥകളെ ബന്ധിപ്പിക്കുക, വന്യജീവികളെ പരിപോഷിപ്പിക്കുക' എന്ന പ്രമേയത്തിൽ ആചരിച്ച 'വന്യജീവി വാരം 2026'-നെക്കുറിച്ചുള്ള റിപ്പോർട്ട് സ്റ്റാൻഡിംഗ് കമ്മിറ്റി

പരിഗണിച്ചതായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചു.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

SKILL DEVELOPMENT-GERMANY

നൈപുണ്യ വികസനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, അപ്രന്റീസ്ഷിപ്പുകൾ,തുടങ്ങിയവയിൽ സഹകരണം ശക്തമാക്കുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കേന്ദ്രസഹമന്ത്രി ജയന്ത് സിംഗ്, ജർമ്മൻ മന്ത്രി- ഒലാഫ് ലൈസുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ജർമ്മനിയും തമ്മിലുള്ള നയതന്ത്രബന്ധത്തിന്റെ 75-ാാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, പരസ്പര വിശ്വാസത്തിലൂടെയും ശക്തമായ ജനകീയ ബന്ധങ്ങളിലൂടെയും ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം വളർന്നുകൊണ്ടിരിക്കുകയാണെന്ന്

അദ്ദേഹം സാമൂഹ്യമാധ്യമത്തിലൂടെ വ്യക്തമാക്കി.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

PRESIDENT KERALA

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി വെള്ളിയാഴ്ച എത്തും. രാവിലെ ആദിശങ്കരാചര്യരുടെ ജന്മസ്ഥലമായ കാലടി സന്ദർശിക്കും. തുടർന്ന് തൃശ്ശൂരിലേക്ക് പോകുന്ന രാഷ്ട്രപതി, വൈദ്യരത്നം ആയുർവേദ കോളേജിൻറെ സുവർണ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കും. വൈകിട്ട് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. ശനിയാഴ്ച കണ്ണൂർ ഏഴിമല നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസ്സിംഗ് ഔട്ട് പരേഡിൽ ശ്രീമതി ദ്രൗപദി മുർമു പങ്കെടുക്കും.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

ASSEMBLY (INTRO)

16 -ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ഈ മാസം 30 ന് ആരംഭിക്കും. ഡിസംബർ 5, 6 തീയതികളിൽ സമ്മേളനം ഉണ്ടായിരിക്കില്ല. പ്രധാനമായും നിയമ നിർമ്മാണത്തിലാവും സമ്മേളനം ശ്രദ്ധ കേന്ദ്രീകരിക്കുക. കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....

(VOICE)

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

SABARIMALA - HELPLINE

ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക ഹെൽപ്പ് ലൈൻ ആരംഭിച്ച് കേരള പോലീസ്. കേരളത്തിനകത്തുള്ള തീർത്ഥാടകർക്ക് **14432** എന്ന നമ്പറിലും, പുറത്തുനിന്ന് വിളിക്കുന്നവർക്ക് **04735-14432** എന്ന

നമ്പറിലും വിളിക്കാവുന്നതാണ്. അടിയന്തര വൈദ്യസഹായം, ആംബുലൻസ് സേവനങ്ങൾ, ആശുപത്രി സൗകര്യങ്ങൾ, സ്പോട്ട് ബുക്കിംഗ് ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ, ദർശന സമയം, എന്നിവയെക്കുറിച്ച് അറിയാൻ സാധിക്കും.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

SABARIMALA

ശബരിമലയിലെ പമ്പാനദിയിലും സ്നാനഘട്ടങ്ങളിലും വസ്ത്രങ്ങളും മാലിന്യങ്ങളും ഉപേക്ഷിച്ചാൽ 5,000 രൂപ വരെ പിഴ ഈടാക്കാൻ ഉത്തരവ്. നിശ്ചിത സമയ പരിധിക്കുള്ളിൽ പിഴതുക അടച്ചില്ലെങ്കിൽ പ്രോസിക്യൂഷൻ നടപടികളും നേരിടേണ്ടിവരും.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

IMD-WEATHER

തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ അടുത്ത അഞ്ച് ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശ്, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോടും ശക്തമായ കാറ്റോടും കൂടിയ മഴയ്ക്ക് സാധ്യതയുണ്ട്. ബിഹാർ, കിഴക്കൻ ഉത്തർപ്രദേശ്, ജാർഖണ്ഡ്, നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര, ഒഡീഷ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മൂടൽമഞ്ഞിന് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

RAIN - KERALA

കേരളത്തിൽ ചിലയിടങ്ങളിൽ നാളെ മുതൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

IFFI

ഗോവയിൽ നടക്കുന്ന 57-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച ജനപങ്കാളിത്തം. 'ICFT-UNESCO ഗാന്ധി മെഡലി'നായി മൂന്ന് ഇന്ത്യൻ സിനിമകൾ ഉൾപ്പെടെ 10 ചിത്രങ്ങൾ മത്സരിക്കുന്നുണ്ട്. അഹിംസ, സഹിഷ്ണുത, സമാധാനം, സംസ്കാരം എന്നിങ്ങനെ മഹാത്മാഗാന്ധിയുടെ ആദർശങ്ങളെ പ്രതിഫലിപ്പിക്കുന്ന ചിത്രങ്ങൾക്കാണ് പുരസ്കാരം.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

IFFI 26 - IICT WACOM INDIA MoU

സർഗ്ഗാത്മക സാങ്കേതികവിദ്യകളിലും നൈപുണ്യ വികസനത്തിലും ഇന്ത്യ-ജപ്പാൻ സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജീസ് , വാകോം ഇന്ത്യയുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഗോവയിൽ നടക്കുന്ന 57-ാമത് അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ പശ്ചാത്തലത്തിൽ ആണ് ധാരണാപത്രത്തിൽ ഒപ്പു വെച്ചത്.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘

PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണപരിപാടി 'മൻ കീ ബാത്' ഈ മാസം 29-ന്. പരിപാടിയുടെ 140-ാം പതിപ്പാണിത്. 'മൻ കീ ബാത്തി'ലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MyGov ഓപ്പൺ ഫോറത്തിലോ, 1800-11-7800 എന്ന ടോൾഫ്രീ നമ്പറിലോ ഈ മാസം 27 വരെ അറിയിക്കാം.

⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘⌘
⌘⌘⌘⌘